"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല - കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് - ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കുടുംബശ്രീ യൂണിറ്റ് നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ തുക ഗ്രാമപഞ്ചായത്തിൽ നിന്ന് കുടുംബശ്രീ യൂണിറ്റിനു തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1096/2025/LSGD തീയതി,തിരുവനന്തപുരം, 01-05-2025

പരാമർശം:-

1. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 23.07.2024 ലെ 4(1) തീരുമാനം
2. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 4/10/2024 ലെ കത്ത്
3. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 29.01.2025 ലെ 1(2) നമ്പർ തീരുമാനം
4. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.01.2025 ലെ A7-4540/2023 നമ്പർ കത്ത്
5. സംസ്ഥാന വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 -ലെ യോഗ തീരുമാനം 4.2

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ ഉപയോഗിക്കാതെ കിടന്നിരുന്ന പഴയ ഓഫീസ് കെട്ടിടം കുടുംബശ്രീ യൂണിറ്റിന്റെ പാലിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന 'മിൽക്കോ' എന്ന സംരംഭത്തിന്റെ പ്രവർത്തനത്തിനായി വിട്ടു നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റ് സ്വന്തം ചെലവിൽ അറ്റകുറ്റപ്പണി നടത്തി. കുടുംബശ്രീ യൂണിറ്റ് ഉടനെ തന്നെ ആരംഭിക്കേണ്ടതുള്ളതിനാൽ ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്താതെ കുടുംബശ്രീ നേരിട്ട് Solid Block ഉപയോഗിച്ച് മതിലിന്റെ ഉയരം കൂട്ടുക, GI പൈപ്പ് ഉപയോഗിച്ച് GI ഷീറ്റ് ഇടുക, നിലം കോൺക്രീറ്റ് ചെയ്ത് ടൈൽ ഇടുക, PVC വാട്ടർ ടാങ്ക് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ (അറ്റകുറ്റപ്പണി) നടത്തുകയായിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ വാല്യുവേഷൻ പ്രകാരം 10,21,000/- രൂപയുടെ അറ്റകുറ്റപ്പണിയാണ് നടത്തിയത്. കുടുംബശ്രീക്ക് സാമ്പത്തികശേഷി ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ തുക കുടുംബശ്രീ യൂണിറ്റിനു തിരികെ നൽകാൻ അനുമതി നൽകണമെന്നു സംബന്ധിച്ച് പരാമർശം (1) തീരുമാനം കൈക്കൊള്ളുകയും പരാമർശം (4) കത്ത് മുഖേന അഭ്യർത്ഥിക്കുകയുമുണ്ടായി.

2. ഇക്കാര്യം സംസ്ഥാന വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായം കൂടി

പരിഗണിച്ച് പരാമർശം (5) പ്രകാരമുള്ള തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് കുടുംബശ്രീ യൂണിറ്റ് സ്വന്തം ചെലവിൽ നടത്തിയ അറ്റകുറ്റപ്പണിയുടെ തുകയായ 10,21,000/- (പത്ത് ലക്ഷത്തി ഇരുപത്തിയൊന്നായിരം രൂപ മാത്രം) കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ നിന്ന് കുടുംബശ്രീ യൂണിറ്റിനു തിരികെ നൽകുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 03-05-2025 16:36:48

1. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പട്ടം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/142/2025/ എൽ.എസ്.ജി.ഡി)